**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 ('പട്ടിക ജാതി വിഭാഗക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ') ഖണ്ഡിക 3.19 ('പുതുക്കിയ റോഡ് നിർമ്മാണം') എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം.1499/15/തസ്വഭവ. തിരുവനന്തപുരം,തീയതി: 20/05/2015**

---

**പരാമർശം:-**
1) **കരവാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 26/10/2013-ലെ JS-5566-ാം നമ്പർ കത്ത്.**
2) **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11/11/2014-ലെ LF/20483/PT1/2013-ാം നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 പ്രകാരം സൈക്കിൾ, കമ്പ്യൂട്ടർ, സ്പോർട്സ് കിറ്റ്, വാദ്യോപകരണങ്ങൾ എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിൽ 10,95,920/-(പത്ത് ലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) രൂപ ചെലവ് ചെയ്തതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു. ഖണ്ഡിക 3.14 പ്രകാരം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന്റെ ധനസഹായം നൽകിയ ശേഷം അതേ വീടുകളുടെ വാനം തോണ്ടുന്നതിനും ബേസ്മെന്റ് മണ്ണ് നിറയ്ക്കുന്നതിനുമായി എൻ.ആർ.ഇ.ജി.എസ്.ഫണ്ടിൽ നിന്നും 1,48,325/- (ഒരു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ചെലവ് ചെയ്തത് ആഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡിക 3.19 പ്രകാരം മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതുക്കിയ റോഡ് നിർമ്മാണത്തിനായി ചെലവു ചെയ്ത 8,99,908/- (എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി തൊള്ളായിരത്തിയെട്ട് രൂപ മാത്രം) രൂപ ചെലവ് ചെയ്തത് ആഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.**

**ടി വിഷയത്തിൽ കരവാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16/10/2012-ലെ III (21)-ാം നമ്പർ തീരുമാനം, 07/09/2013-ലെ V(7)-ാം നമ്പർ തീരുമാനം, 07/09/2013-ലെ V (8)-ാം നമ്പർ തീരുമാനം, 07/09/2013-ലെ V(9)-ാം നമ്പർ തീരുമാനം ബന്ധപ്പെട്ട ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പ് എന്നിവ സഹിതം സർക്കാരിൽ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ചെലവുകൾ നടത്തിയതിനുള്ള പഞ്ചായത്തിന്റെ വിശദീകരണം ബന്ധപ്പെട്ട കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.**

**ടി വിഷയത്തിൽ പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഓഡിറ്റ് വർഷം സൈക്കിൾ വാങ്ങി നൽകുന്നതിന് സബ്സിഡി അനുവദനീയമല്ലെങ്കിലും പിന്നീടുള്ള കാലയളവിൽ ആനുകൂല്യം നൽകുന്നത് അനുവദിച്ചിട്ടുള്ള**

സാഹചര്യത്തിൽ സാധൂകരണത്തിന് പരിഗണിക്കാവുന്നതാണ് എന്നും ഖണ്ഡിക 3.11-ൽ പരാമർശിച്ചിട്ടുള്ള മറ്റു ചെലവുകൾക്ക് സർക്കാരിന് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ് എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 3.14 സംബന്ധിച്ച് ലോക്കൽഫണ്ട് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇ.എം.എസ്. ഭവന പദ്ധതി വഴി ലഭിക്കുന്ന തുക കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ല എന്ന കാരണത്താൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് വീടുകൾ വാനം തോണ്ടുന്നതിന് ചെലവു ചെയ്തത് ന്യായീകരിക്കാനാകില്ല എന്നും എൻ.ആർ.ഇ.ജി.എസ് പ്രകാരം തയ്യാറാക്കിയ മസ്റ്റർ റോളുകൾ കൃത്രിമമായതും വ്യവസ്ഥകൾക്ക് വിരുദ്ധമാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 3.19 സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ മെയിന്റനൻസ് ഫണ്ട് വകമാറ്റി 8,99,908/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകുന്ന വിഷയം സർക്കാർ തലത്തിൽ പരിഗണിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ കഴിഞ്ഞ് പണി പൂർത്തിയാക്കിയ ശേഷം അതേ വീടുകൾക്ക് വാനം തോണ്ടിയെന്ന രീതിയിൽ ചെലവ് ചെയ്തത് ന്യായീകരിക്കാനാവില്ല. ആയതിനാൽ ഖണ്ഡിക 3.4 പ്രകാരം ചെലവ് ചെയ്ത 1,48,325/- (ഒരു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകാൻ കഴിയില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 പ്രകാരം 10,95,920/- (പത്ത് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) രൂപ ചെലവ് ചെയ്ത പഞ്ചായത്ത് നടപടിക്കും ഖണ്ഡിക 3.19 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 8,99,908/-(എട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി തൊള്ളായിരത്തിയെട്ട് രൂപ മാത്രം) രൂപയ്ക്കും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
സാലമ്മ എബ്രഹാം,<br>
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തിരുവനന്തപുരം<br>
സെക്രട്ടറി,കരവാരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല<br>
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)<br>
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,<br>
സെക്ഷൻ ഓഫീസർ